"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് വേസ്റ്റ് റ്റു എനർജി പ്ലാന്റ് - സംസ്ഥാന വി.ജി.എഫ്. വിഹിതം ശുചിത്വ കേരളം (അർബൻ) ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.483/2026/LSGD തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:- സ.ഉ.(സാധാ)നം.56/2026/LSGD തീയതി 07.01.2026

**ഉത്തരവ്**

പരാമർശത്തിലെ ഉത്തരവ് പ്രകാരം പാലക്കാട് വേസ്റ്റ് റ്റു എനർജി പ്രോജക്ട് (WtE Project) എന്ന മാലിന്യ സംസ്കരണ പദ്ധതിയുടെ സംസ്ഥാന വി.ജി.എഫ്. (VGF) വിഹിതമായി 2,53,39,453/- രൂപ (രണ്ട് കോടി അൻപത്തിമൂന്ന് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി നാനൂറ്റി അൻപത്തിമൂന്ന് രൂപ മാത്രം) പദ്ധതിയുടെ നിർവ്വഹണ ഏജൻസി ആയ KSIDCയ്ക്ക് "ശുചിത്വ കേരളം (അർബൻ) 2217-80-800-71" എന്ന ശീർഷകത്തിൽ നിന്നും ആദ്യ ഗഡുവായി അനുവദിച്ച ഏഴ് കോടി രൂപയിൽ നിന്നും നൽകുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവാദം നൽകിയിരുന്നു.

(2) പ്ലാൻ ഫണ്ട് ശീർഷകത്തിൽ അനുവദിക്കുന്ന തുകകൾ PSTSB അക്കൗണ്ടിലേക്ക് മാത്രമേ നൽകാൻ കഴിയുകയുള്ളു എന്നതിനാലും, നിലവിൽ KSIDC യുടെ PSTSB അക്കൗണ്ട് (Account No. 799012700001216 - Sub Treasury, Vikas Bhavan) ശുചിത്വ മിഷനുമായി മാപ്പ് ചെയ്തിട്ടില്ലാത്തതിനാലും, "ശുചിത്വ കേരളം (അർബൻ) 2217-80-800-71" ശീർഷകത്തിൽ നിന്നും ടി തുക KSIDC-യുടെ PSTSB Account No. 799012700001216 (Sub Treasury, Vikas Bhavan) ലേക്ക് അനുവദിക്കുന്നതിന് ശുചിത്വ മിഷനെ ചുമതലപ്പെടുത്തിയും, KSIDC-യുടെ പ്രസ്തുത PSTSB Account ശുചിത്വ മിഷന് മാപ്പ് ചെയ്തു നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഡിഡിഒ-യ്ക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(3) മേൽ ഭേദഗതിയോടെ പരാമർശത്തിലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി.

അണ്ടർ സെക്രട്ടറി & ഡിഡിഒ,തദ്ദേശ സ്വയംഭരണ(എഫ്.എം) വകുപ്പ്

പ്രോജക്ട് ഡയറക്ടർ, വേസ്റ്റ് റ്റു എനർജി പ്രോജക്ട്, കെ.എസ്.ഐ.ഡി.സി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (E:3357056 : WCD-3/312/2025-Fin dated 06.01.2026)

ഐ.&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Vinod Kumar. V
Date: 26-02-2026 10:58:13
സെക്ഷൻ ഓഫീസർ

പകർപ്പ് : -
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്